ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പത്താമത് റൈസീന സംഭാഷണത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ന്യൂസീലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ മുഖ്യാതിഥിയാകും.

   The 10th edition of Raisina Dialogue 2025 will begin in New Delhi today. Prime Minister of New Zealand, Christopher Luxon, will join the inaugural session as the Chief Guest.

2. ലോക സമാധാനത്തിനും ഐക്യത്തിനുമായാണ് ഇന്ത്യ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ പങ്കാളിത്തമില്ലാതെ നിർമ്മിത ബുദ്ധി വികസനം പൂർണമാകില്ലെന്നും പ്രധാനമന്ത്രി.

   Prime Minister Narendra Modi has stressed that India is not neutral but firmly committed to peace. PM also emphasized that no matter how much the world advances in AI, it remains incomplete without India.

3. പ്രധാൻമന്ത്രി ഇൻറേൺഷിപ്പ് പദ്ധതിക്കായുള്ള മൊബൈൽ ആപ്പ് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ ഇന്ന് പുറത്തിറക്കും.

Finance Minister Nirmala Sitharaman is scheduled to launch a dedicated app for the Prime Minister's Internship Scheme today.

4. കൊൽക്കത്ത ആർ.ജി.കർ മെഡിക്കൽ കോളേജിൽ ജൂനിയർ വനിതാ ഡോക്ടർ കൊലപ്പെടുത്തിയ കേസിൽ സുപ്രീം കോടതിയിൽ ഇന്ന് വാദം.

The Supreme Court is slated to hear today the matter where it has taken suo moto cognisance of the rape and murder of a junior doctor at West Bengal government-run R.G. Kar Medical College and Hospital in Kolkata.

5. കേരള പുരസ്കാരങ്ങൾ ഗവർണർ രാജേന്ദ്ര അർലേക്കർ ഇന്ന് തിരുവനന്തപുരത്ത് സമ്മാനിക്കും.

Kerala Governor Rajendra Arlekar will present the Kerala awards in Thiruvananthapuram today.

6. കബഡി ലോകകപ്പിന് ഇന്ന് ഇംഗ്ലണ്ടിൽ തുടക്കമാകും. ഇന്ത്യയുടെ ആദ്യ മത്സരം വൈകുന്നേരം ഇറ്റലിക്കെതിരെ.

The Kabaddi World Cup 2025 is set to begin in England. The Indian team will start their campaign against Italy this evening.

&&&&&&&&&&&&&&&&&&

## PM - RAISINA DIALOGUE

പത്താമത് റൈസീന സംഭാഷണം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ന്യൂസീലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ മുഖ്യാതിഥിയാകും. മറ്റന്നാൾ വരെ തുടരുന്ന റൈസീന

സംഭാഷണത്തിൽ ഭൗമരാഷ്ട്രീയം, ആഗോള സാമ്പത്തിക രംഗം എന്നീ മേഖലകളിലെ സുപ്രധാന വിഷയങ്ങൾ ചർച്ചയാകും. കേന്ദ്ര വിദേശകാര്യമന്ത്രാലയം, ഒബ് സർവർ റിസർച്ച് ഫൗണ്ടേഷൻ എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. കാലചക്രം - ജനങ്ങൾ, സമാധാനം, ഗ്രഹം എന്നതാണ് ഇത്തവണത്തെ പ്രമേയം. 125 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സംഭാഷണത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**NEWZELAND PM - INDIA**

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ന്യൂഡൽഹിയിൽ എത്തി. കേന്ദ്ര സഹമന്ത്രി എസ് പി സിംഗ് ബാഘേലിൻറെ നേതൃത്വത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. ഇന്ത്യ-ന്യൂസിലൻഡ് ബന്ധങ്ങളുടെ വിവിധ വശങ്ങൾ ഉൾപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂസിലൻഡ് പ്രധാനമന്ത്രിയുമായി ചർച്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവിനെയും അദ്ദേഹം ഇന്ന് സന്ദർശിക്കും.

&&&&&&&&&&&&&&&&&&

**INDIA NEW ZEALAND FTA**

സമഗ്രവും,പരസ്പരം ഗുണം ചെയ്യുന്നതുമായ സ്വതന്ത്ര വ്യാപാര കരാർ ലക്ഷ്യമിട്ടുള്ള ചർച്ചകൾക്ക് തുടക്കമിട്ട്

ഇന്ത്യയും ന്യൂസിലാൻഡും. കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ, ന്യൂസിലാൻഡ് വ്യാപാര മന്ത്രിയുമായി ഇന്നലെ നടത്തിയ ചർച്ചയിലാണ് ഈ നീക്കം. വിപണി പ്രവേശ സാദ്ധ്യതകൾ മെച്ചപ്പെടുത്തുക, വിതരണ ശൃംഖലാ ഏകീകരണം വർധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടാകും ചർച്ചകൾ നടക്കുകയെന്ന് ശ്രീ പീയുഷ് ഗോയൽ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**PM PODCAST-INTRO**

നിർമ്മിത ബുദ്ധി വികസിപ്പിക്കുന്നതിൽ ഇന്ത്യയ്ക്ക് നിർണായക സ്ഥാനമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രശസ്ത പോഡ്കാസ്റ്റർ - ലെക്സ് ഫ്രിഡ് മാൻ നടത്തിയ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ പങ്കാളിത്തമില്ലാതെ നിർമ്മിത ബുദ്ധി വികസനം പൂർണമാകില്ലെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു. ഭീകര പ്രവർത്തനങ്ങളെ പാകിസ്ഥാൻ പ്രോത്സാഹിപ്പിക്കുന്നതായി പറഞ്ഞ പ്രധാനമന്ത്രി, ലോക സമാധാനത്തിനും ഐക്യത്തിനുമാണ് ഇന്ത്യ നിലകൊള്ളുന്നതെന്നും വ്യക്തമാക്കി.

(വോയിസ്)

ഗൗതമ ബുദ്ധൻറെയും മഹാത്മാഗാന്ധിയുടെയും നാടായതിനാൽ സമാധാനത്തെക്കുറിച്ചുള്ള ഇന്ത്യയുടെ വാക്കുകൾ ലോകം ശ്രദ്ധിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ചർച്ചകളിലൂടെ മാത്രമേ റഷ്യ-യുക്രെയ്ൻ സംഘർഷം പരിഹരിക്കാൻ കഴിയൂ എന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## AMIT SHAH- ASSAM

ബോഡോ ലാൻറ് മേഖലയുടെ വികസനത്തിനായി കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. ബോഡോ സ്റ്റുഡൻറ്സ് യൂണിയൻറെ വാർഷിക സമ്മേളനത്തെ അസമിലെ കൊഖ്റജാറിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബോഡോ ഉടമ്പടിയിലെ 82 ശതമാനം വാഗ്ദാനങ്ങളും പൂർത്തീകരിച്ചതായി അഭിപ്രായപ്പെട്ട അദ്ദേഹം, മേഖലയിലെ യുവാക്കൾ ഇപ്പോൾ വികസനത്തിനാണ് പ്രാധാന്യം നൽകുന്നതെന്ന് അഭിപ്രായപ്പെട്ടു. വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകന യോഗത്തിലും ശ്രീ അമിത് ഷാ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## SC-RG KAR CASE

കൊൽക്കത്ത ആർ.ജി. കർ മെഡിക്കൽ കോളേജിലെ ജൂനിയർ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ സുപ്രീം കോടതി ഇന്ന് വാദം കേൾക്കും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയും ജസ്റ്റിസ് സഞ്ജയ് കുമാറും

അടങ്ങുന്ന ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. സംഭവത്തിൽ പ്രതിഷേധിച്ച ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കരുതെന്ന് ആശുപത്രികളോടും മെഡിക്കൽ കോളേജുകളോടും,ചീഫ് ജസ്റ്റിസ് ഖന്നയുടെ നേതൃത്വത്തിലുള്ള ബെഞ്ച് നേരത്തെ നിർദേശിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## NIRMALA-PMIS

പ്രധാൻമന്ത്രി ഇൻറേൺഷിപ് പദ്ധതിക്കായുള്ള മൊബൈൽ ആപ്പ് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ ഇന്ന് പുറത്തിറക്കും. രണ്ടാം ഘട്ട രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുന്നതിനായാണ് ആപ്പ് പുറത്തിറക്കുന്നത്. ഇൻറേൺഷിപ് പദ്ധതിക്കായുള്ള അപേക്ഷകൾ മാർച്ച് 31വരെ സ്വീകരിക്കും.

&&&&&&&&&&&&&&&&&&

## DOVAL-GABBARD

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ അമേരിക്കൻ നാഷണൽ ഇൻറലിജൻസ് ഡയറക്ടർ തുൽസി ഗബാർഡുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ- അമേരിക്ക ബന്ധത്തിൻറെ വിവിധ വശങ്ങളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച നടത്തി. ദ്വിരാഷ്ട്ര

സന്ദർശനത്തിൻറെ ഭാഗമായാണ് തുൽസി ഗബാർഡ് ഇന്ത്യയിലെത്തിയത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണ പ്രകാരം റെയിസിന ഉച്ചകോടിയിൽ പങ്കെടുക്കുന്ന അവർ നാളെ ഉച്ചകോടിയെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## PM – TRINIDAD TOBAGO

ട്രിനിഡാഡ് ആൻഡ് ടൊബാഗോയുടെ പുതിയ പ്രധാനമന്ത്രിയായി സ്റ്റുവർട്ട് യംഗ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. സെൻ്റ് ആൻസിലെ പ്രസിഡൻ്റിൻ്റെ ഭവനത്തിലാണ് സത്യപ്രതിജ്ഞ. നിലവിൽ ഊർജ്ജ വ്യവസായ മന്ത്രിയാണ് സ്റ്റുവർട്ട് യംഗ്. നിലവിലെ പ്രധാനമന്ത്രി കീത്ത് റൗളിയുടെ പിൻഗാമിയായാണ് അദ്ദേഹം ചുമതലയേൽക്കുന്നത്.

&&&&&&&&&&&&&&&&&&

## KABADDI WORLD CUP

കബഡി ലോകകപ്പ് 2025 ന് ഇന്ന് ഇംഗ്ലണ്ടിൽ തുടക്കമാകും. യു കെയിലെ West Midlands ലുള്ള നാല് നഗരങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്. ഇന്ന് വൈകിട്ട് 05.30ന് ഇറ്റലിക്കെതിരെയാണ് ഇന്ത്യയുടെ ആദ്യമത്സരം. 2019 ലെ കബഡി ലോകകപ്പിൽ പുരുഷ - വനിത ലോകകപ്പ് കിരീടങ്ങൾ നേടിയത് ഇന്ത്യയായിരുന്നു.

&&&&&&&&&&&&&&&&&&&

## MASTERS LEAGUE

ഇൻററർനാഷണൽ മാസ്റ്റേഴ്സ് ലീഗ് ട്വൻറി 20 കിരീടം സച്ചിൻ ടെണ്ടുൽക്കർ നേതൃത്വം നൽകിയ ഇന്ത്യൻ സംഘത്തിന്. ബ്രയൻ ലാറ നേതൃത്വം നൽകിയ വെസ്റ്റ് ഇൻഡീസിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് വിജയം.

&&&&&&&&&&&&&&&&&&&

## MANSUKH MANDAVIYA (INTRO)

കായിക മേഖലയെ ജീവിതത്തിൻറെയും സംസ്കാരത്തിൻറെയും ഭാഗമാക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന്

കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ ഫിറ്റ് ഇന്ത്യ കാർണിവലിൻറെ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആരോഗ്യമുള്ള ജനതയാണ് രാജ്യത്തെ വികസിതമാക്കുന്നതിനുള്ള ഊർജമെന്നും ശ്രീ മാണ്ഡവ്യ അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയ്സ്......)

&&&&&&&&&&&&&&&&&&&

## KERALA AWARDS

സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരങ്ങളായ കേരള പുരസ്കാരങ്ങൾ ഇന്ന് ഗവർണർ രാജേന്ദ്ര അർലേക്കർ വിതരണം ചെയ്യും. വൈകിട്ട് രാജ്ഭവനിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനാകും. കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് 2024 ലെ കേരള പുരസ്കാരങ്ങൾ നൽകുക. കേരള ജ്യോതി പുരസ്കാരത്തിന് എം കെ സാനുവാണ് അർഹനായിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**A K SASINDRAN**

കണ്ണൂർ ആറളം പുനരധിവാസമേഖലയിലെ ആനതുരത്തൽ ദൗത്യം ഇന്ന് പുനരാരംഭിക്കും. മന്ത്രി എ.കെ.ശശീന്ദ്രൻ്റെ നിർദേശപ്രകാരം രൂപീകരിച്ച പ്രാദേശിക കമ്മിറ്റിയുടെ അവലോകനയോഗത്തിലെ തീരുമാനപ്രകാരമാണ് ദൗത്യം വീണ്ടും ആരംഭിക്കുന്നത്. ആദിവാസി പുനരധിവാസമിഷൻ്റെ നേതൃത്വത്തിൽ കാട് വെട്ടിത്തെളിക്കൽ ദൗത്യവും ഇതോടൊപ്പം നടക്കും.

&&&&&&&&&&&&&&&&&&

**P RAJEEV**

കൊച്ചി വിമാനത്താവളത്തിനായി സ്ഥലമേറ്റെടുത്തപ്പോൾ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കായി രൂപം നൽകിയ

രണ്ടാംഘട്ട പുനരധിവാസ പദ്ധതിയ്ക്ക് സിയാൽ ഡയറക്ടർബോർഡ് അംഗീകാരം നൽകിയതായി മന്ത്രി പി രാജീവ്. സിയാലിൽ വിളിച്ചുചേർത്ത രണ്ടാംഘട്ട പുനരധിവാസ പാക്കേജിന് അർഹരായവരുടെ യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. പുനരുധിവാസ പാക്കേജിൻ്റെ ആദ്യഘട്ടത്തിൽ കുറഞ്ഞ വേതനമുള്ള കരാർ ജോലികൾ ലഭിച്ചവർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പാക്കേജിൽ മാറ്റം വരുത്തണമെന്ന ആവശ്യം പരിഗണിച്ചാണ് നടപടി.

&&&&&&&&&&&&&&&&&&

## KOZHIKKODE ACCIDENT

കോഴിക്കോട് കോവൂർ എം എൽ എ റോഡിന് സമീപം കനത്ത മഴയിൽ ഓടയിൽ വീണ് ഒരാളെ കാണാതായി. ഇന്നലെ രാത്രിയിലാണ് സംഭവം. ഫയർ ഫോഴ്സ് തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല. തെരച്ചിൽ ഇന്ന് വീണ്ടും തുടരും.

&&&&&&&&&&&&&&&&&&

## NEPAL SAGRAMATHA DIALOGUE

നേപ്പാളിൽ ആദ്യമായി നടക്കുന്ന സാഗർമാത സംവാദത്തിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് 16 വ്യത്യസ്ത മേഖലകലിൽ ചർച്ചകൾ നടക്കും. വിവിധ രാഷ്ട്രത്തലവന്മാർ, മന്ത്രിമാർ, ശാസ്ത്രജ്ഞർ, കാലാവസ്ഥാ ഗവേഷണ മേഖലയിലെ വിദഗ്ധർ, ദേശീയ, അന്തർദേശീയ

പ്രതിനിധികൾ, മാധ്യമ പ്രവർത്തകർ എന്നിവരുൾപ്പെടെ ഏകദേശം 450 പേർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## ASEAN GAMING SUMMIT

മൂന്ന് ദിവസത്തെ ആസിയാൻ ഗെയിമിങ് സമ്മിറ്റിന് ഇന്ന് ഫിലിപ്പീൻസിലെ മനിലയിൽ തുടക്കമാകും. ബുധനാഴ്ച വരെ നടക്കുന്ന അന്താരാഷ്ട്ര ഗെയിമിങ് ചർച്ചയിൽ ഏഷ്യയിൽ നിന്നും 1,600 ഓളം പേർ പങ്കെടുക്കും. ആസിയാൻ മേഖലയിലെ വികസനം ലക്ഷ്യമിട്ട് മേഖലയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തുകയാണ് ഏഴാമത് ഗെയിമിങ് സമ്മിറ്റിൻറെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

## ISRAEL HIGH ALERT

യെമനിലെ ഹൂതികളുടെ ആക്രമണസാധ്യത പരിഗണിച്ച് ഇസ്രയേലി വ്യോമ സേന ജാഗ്രത കർശനമാക്കി. അമേരിക്കൻ വ്യോമാക്രമണ പശ്ചാത്തലത്തിലാണ് ജാഗ്രത. ഇന്നലെ രാത്രി ഈജിപ്റ്റിലെ ശ്രം അൽ ഷേഖിലേക്ക് യമനിൽ നിന്ന് മിസൈൽ ആക്രമണം ഉണ്ടായതായും ഇസ്രയേലി അതിർത്തിയേയോ മേഖലയിലെ അമേരിക്കൻ നിർമ്മിതികളേയോ ലക്ഷ്യമിട്ടായിരുന്നോ ആക്രമണം എന്ന് പരിശോധിക്കുമെന്നും സേനാ വൃത്തങ്ങൾ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&&&&&&**

**&&&&&&&**

**&&&&&&**

**&&&&**

**&&&**

**&&**

**&**